**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 - പൊതു ആവശ്യ ഫണ്ട് - താനൂർ നഗരസഭക്ക് അനുവദിച്ച പതിനൊന്നാം ഗഡുവിൽ നിന്ന് ലൈഫ് ഭവന പദ്ധതിക്കുള്ള തുക കുറവ് ചെയ്ത് -ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 1552/2020/ധന. തീയതി, തിരുവനന്തപുരം, 25 ഫെബ്രുവരി 2020

---

പരാമർശം. 1) സ.ഉ.(സാധാ)നം.10050/2019/ധന തീയതി 09/12/2019
2) സ.ഉ.(സാധാ)നം.91/2020/ധന തീയതി 03/01/2020
3) സ.ഉ.(സാധാ)നം.887/2020/ധന തീയതി. 31/01/2020

**<u>ഉത്തരവ്</u>**

പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിന്റെ 3ാം ഗഡു തുക പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവിലെ 13- ാം ഖണ്ഡികയിൽ മറ്റു റിക്കവറികളുള്ളതിനാൽ ലൈഫ് മിഷൻ പാർപ്പിട പദ്ധതിയുടെ മുതൽ തിരിച്ചടവിനുള്ള തുക മുഴുവനായും ഈടാക്കാൻ കഴിയാത്ത പ്രാദേശിക സർക്കാരുകളുടെ കാര്യത്തിൽ ബാക്കി തുക അടുത്ത ഗഡു പൊതു ആവശ്യ ഫണ്ടിൽ നിന്നു ഈടാക്കുന്നതാണെന്ന് ഉത്തരവായിട്ടുള്ളതിനാൽ പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുവദിച്ച 10- ാം ഗഡു പൊതു ആവശ്യ ഫണ്ടിൽ നിന്നും 3,35,072/- രൂപ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഈടാക്കി KURDFC- യുടെ ബാങ്ക് അക്കൗണ്ടിൽ ഒടുക്കാൻ ഉത്തരവായിട്ടുണ്ട്.

2) താനൂർ മുനിസിപ്പാലിറ്റിയുടെ ജനറൽ സെക്ടറിൽ നിന്നും ലൈഫ് മിഷൻ പാർപ്പിട പദ്ധതി മുതൽ തിരിച്ചടവായി 83,13,333/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. പൊതു വിഭാഗത്തിൽ ടി തുക ഒടുക്കുന്നതിന് തികയാത്തതിനാൽ താനൂർ നഗരസഭയിൽ നിന്നും 8,15,133/- രൂപ പൊതു ആവശ്യഫണ്ടിന്റെ 10- ാം ഗഡുവിൽ നിന്നും ഈടാക്കേണ്ടതായിരുന്നു . പക്ഷെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നു മാത്രമേ തുക കുറവ് ചെയ്തുള്ളൂ. മേൽ സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ച 3ാം ഗഡു വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിൽ തുക അപര്യാപ്തമായതിനാൽ താനൂർ നഗരസഭ (M.100900)- ക്ക് ലൈഫ് ഭവന വായ്പ പദ്ധതി മുതൽ തിരിച്ചടവ് ബാക്കി തുകയായ 8,15,133/- രൂപ (എട്ട് ലക്ഷത്തി പതിനയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) പൊതു ആവശ്യ ഫണ്ടിൽ നിന്നും ഈടാക്കി KURDFC- യുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കാൻ ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടിയെ ചുമതലപ്പെടുത്തുന്നു .

| പ്രാദേശിക സർക്കാർ | പിൻവലിക്കുന്ന തുക | ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം | |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 0 | Name of Bank | SBI |
| ബ്ലോക്ക് പഞ്ചായത്ത് | 0 | Account Name | Kerala Urban & Rural Development Finance Corporation Ltd |
| ജില്ലാ പഞ്ചായത്ത് | 0 | | |
| മുനിസിപ്പാലിറ്റി | 815133 | Account No. | 37922795767 |
| മുനിസിപ്പൽ കോർപ്പറേഷൻ | 0 | IFS Code | SBIN0070033 |
| ആകെ | **815133** | Amount to be transfer credited | **₹8,15,133/-** |

3) താനൂർ നഗരസഭയുടെ പൊതു ആവശ്യഫണ്ടിലെ അറ്റ തുക 14,95,767/- രൂപയാണ്
.

4) പരാമർശം (3) ലെ ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ.ഒ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, താനൂർ നഗരസഭ
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി ലിമിറ്റഡ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യു-ജെ/ രഹസ്യ വിഭാഗം/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-1432760)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ